കെ.എസ്.ഐ.ഡി.സിയാണ് കമ്പനിയുടെ മുഖ്യ സംരംഭകർ എന്നാണ്. ഈ അവ്യക്തത സുരതാര്യത അവകാശപ്പെടുന്ന സർക്കാറിന് ഒട്ടും യോജിച്ചതല്ല).

രണ്ട് കോടി ലിറ്റർ ജലമാണ് ഒരു ദിവസം ചാലക്കുടി പുഴയിൽ നിന്നും എൻ.ജി.ഐ.എൽ എടുക്കുന്നതായി കണക്കാക്കപ്പെടുന്നത്. എതാണ്ട് അത്രതന്നെയളവിൽ മലിനജലം പുഴയിലേക്ക് ഒഴുക്കുന്നുമുണ്ട്. ജനങ്ങൾ കുടിക്കുന്നതിനും കുളിക്കുന്നതിനും മത്സ്യബന്ധനത്തിനും ജലസേചനത്തിനും ആശ്രയിക്കുന്ന പുഴയാണ് ഒരു വ്യവസായ സംരംഭത്തിനായി ഇത്തരത്തിൽ വകമാറ്റപ്പെട്ടിരിക്കുന്നത്. കൂടാതെ ഭൂമിയിലെ തന്നെ ജീവന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട പുഴയുടെ പാരിസ്ഥിതിക ധർമ്മങ്ങളും വ്യാവസായിക-സാമ്പത്തിക പരിഗണനകൾക്ക് മുന്നിൽ തിരസ്കരിക്കപ്പെടുന്നു.

വിഭവങ്ങളുടെ യഥാർത്ഥ അവകാശികളായ ജനങ്ങളുടെ താത്പര്യങ്ങളെ വിഭവാധികാരം കേന്ദ്രീകരിച്ചിരിക്കുന്ന ഭരണകൂടങ്ങൾ അവരുടെ ഇച്ഛയ്ക്കനുസരിച്ച് നിയന്ത്രിക്കുന്നു. വിഭവങ്ങൾ ലാഭമുണ്ടാക്കുന്നതിനുള്ള ചരക്കാണെന്ന് ഭരണകൂടങ്ങൾ തീരുമാനിച്ചാൽ ജനങ്ങൾക്ക് അവരുടെ വിഭവാവകാശത്തിനായി ഭരണകൂടത്തോട് കലഹിക്കുകയല്ലാതെ മാർഗ്ഗമില്ല. വിഭവങ്ങൾ പരിമിതമാവുകയും പാരിസ്ഥിതിക പ്രതിസന്ധികൾ രൂക്ഷമാവുകയും ചെയ്യുന്ന ലോകസാഹചര്യത്തിൽ, വിഭവങ്ങളുടെ വിനിയോഗത്തെയും അധികാരത്തെയും കുറിച്ച് പുനരാലോചിക്കുന്നതിന് പകരം ബലതന്ത്രങ്ങൾ കൊണ്ട് അവയെ കീഴ്പ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ആഗോളശ്രമങ്ങളുടെ ഭാഗം തന്നെയാണ് കാതിക്കുടവും. പാരിസ്ഥിതിക ദുരന്തങ്ങളുടെ ഇരകളാകുന്നവരുടെ സമരങ്ങളെല്ലാം വിഭവരാഷ്ട്രീയത്തിന്റെ ഈ പൊതുപ്രതലത്തിലാണ് അറിഞ്ഞും അറിയാതെയും കണ്ണിചേർക്കപ്പെടുന്നത്. കാതിക്കുടവും ആ ചങ്ങലയിലെ ഒരു കരുത്തുറ്റ കണ്ണിയാണ്. ഈ ശൃംഖലയിൽ നിന്നുകൊണ്ട് ഭൂമിയുടെ യഥാർത്ഥ അവകാശികൾ അതിജീവനത്തിന് വേണ്ടി സംസാരിക്കുമ്പോൾ അത് എല്ലാവിധ അധിനിവേശങ്ങളും അവസാനിക്കുമെന്ന സമയസൂചനയുടെ സൈറണായി മാറുന്നു. ■

2013 ജൂൺ 29ന് തൃശൂർ കളക്ട്രേറ്റിൽ നടന്ന സർവ്വകക്ഷിയോഗത്തിലാണ് എൻ.ജി.ഐ.എൽ കമ്പനിയിൽ നിന്നും മാലിന്യസാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കാൻ വിദഗ്ധസമിതിയെ നിയോഗിച്ചത്

# വിദഗ്ധ സമിതി റിപ്പോർട്ട്

**തൃശൂർ** ജില്ലാ കളക്റ്ററുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച വിദഗ്ദ്ധ സമിതി (order no: C3-18638/10 d-a-te-d 9/07/2013) 2013 ജൂലായ് 16ന് ജില്ലാ കളക്റ്ററുടെ ചേംബറിൽ യോഗം ചേരുകയുണ്ടായി. വിശദമായ ചർച്ചകൾക്ക് ശേഷം സമിതി എൻ.ജി.ഐ.എൽ കമ്പനിയിൽ നിന്നും പരിസര പ്രദേശങ്ങളിൽ നിന്നും താഴെപ്പറയുന്ന സാമ്പിളുകൾ ശേഖരിക്കാൻ തിരുമാനിക്കുകയും ചെയ്തു. 1) കമ്പനിയുടെ മലിനജല ടാങ്ക്. 2) സംഭരണ ടാങ്കുകളിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന ജലം. 3) കമ്പനിയിൽ നിന്നും നദിയിലേക്ക് ഒഴുക്കി വിടുന്ന ജലം. 4) ഉണങ്ങിയ ഖര മാലിന്യങ്ങൾ. 5) കമ്പനിക്ക് ചുറ്റുപാടുമുള്ള കിണർ ജലം. 6) കമ്പനി പറത്തു തള്ളുന്ന ജലം കലരുന്നതിനു മുമ്പും ശേഷവും ഉള്ള നദീജലം.

സമിതി രണ്ടു മണിയോടുകൂടി കമ്പനി പരിസരത്ത് എത്തുകയും ജില്ലാ കലക്റ്ററുടെയും അസ്സിസ്റ്റൻറ് ജില്ലാ കലക്റ്ററുടെയും സാന്നിദ്ധ്യത്തിൽ താഴെ കൊടുത്ത സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തു.

1) കമ്പനിയിൽ നിന്നും പുറത്ത് വിടുന്ന മലിനജലം. 2) മലിന ജലം താൽക്കാലികമായി ശേഖരിക്കുന്ന രണ്ടു മലിനജല സംഭരണികളിൽ (delay ponds) നിന്നുള്ള സാമ്പിളുകൾ. 3) പുഴയിലേക്ക് ഒഴുക്കി വിടുന്ന ജലം. 4) ഖര മാലിന്യങ്ങൾ. 5) കമ്പനി പരിസരത്തെ കിണർ ജലം. 6) കമ്പനി പരിസരത്തെ മണ്ണ്. 7) കമ്പനിയോട് ചേർന്ന് തെക്കുവശത്തുള്ള ഓടയിലെ ജലം

പരിസരപ്രദേശങ്ങളിൽ നിന്നുള്ള കിണർ ജലവും ചാലക്കുടി പുഴയിലെ ജലവും ശേഖരിക്കുന്നത് കടുത്ത മഴകാരണം സാധ്യമായിരുന്നില്ല. ശേഖരിച്ച സാമ്പിളുകൾ കേരള മലിനീകരണ നിയന്ത്രണ ബോർഡ്, കേന്ദ്ര ജല വിഭവ വികസന മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (CWRDM), കേരള കാർഷിക സർവ്വക

ലാശാല എന്നിവിടങ്ങളിൽ പരിശോധിച്ചതിന്റെ വിവരങ്ങൾ താഴെ പറയും പ്രകാരം ആണ്.

**കമ്പനിയിൽ നിന്നുണ്ടാകുന്ന മലിനജലം (സംസ്കരണത്തിനു മുമ്പ്)**

1. ഈ ജലത്തിന്റെ PH മൂല്യം CWRDM ലും കാർഷിക സർവ്വകലാശാലയിലും പരിശോധിച്ചപ്പോൾ 4.5 എന്നും, കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയിൽ 5.6 എന്നും രേഖപ്പെടുത്തി.

2 ഈ ജലത്തിലെ BOD, COD മൂല്യങ്ങളും ഖരമാലിന്യങ്ങളും, ഫോസ്ഫേറ്റിന്റെ അളവും വളരെ ഉയർന്നതായിരുന്നു. അമോണിയാക്കൽ നൈട്രജൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലാബിൽ കണ്ടെത്തിയതിനേക്കാൾ ഉയർന്ന അളവിലാണ് CWRDM കണ്ടെത്തിയത്.

3. നൈട്രേറ്റുകൾ, നൈട്രജൻ, ലെഡ്, ക്രോമിയം, നിക്കൽ, കാഡ്മിയം തുടങ്ങിയവ വളരെ നേരിയ അളവിൽ മാത്രമാണ് സാമ്പിളുകളിൽ ഉണ്ടായിരുന്നത്.

**താൽക്കാലിക മലിനജല സംഭരണി (ഒന്ന്) യിലെ ജലം**

1. അമോണിയാക്കൽ നൈട്രജൻ ഒഴിച്ചുള്ള മറ്റു എല്ലാ ഘടകങ്ങളും അന്തിമ മലിനജലത്തിന്റെ കാര്യത്തിൽ നിർദ്ദേശിക്കപ്പെട്ട അളവിൽ കുറവായിരുന്നു.

2. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയിൽ അമോണിയാക്കൽ നൈട്രജന്റെ അളവ് കൂടുതലാണെന്ന് കണ്ടെത്തി.

3. ക്ലോറൈഡ് പരിധിയിൽ കവിഞ്ഞ അളവിൽ കണ്ടെത്തി.

**താൽക്കാലിക മലിനജല സംഭരണി (രണ്ട്) യിലെ ജലം**

1. എല്ലാ ഘടകങ്ങളും അനുവദനീയമായ അളവിൽ കുറവായി കണ്ടെത്തി. CWRDM ൻറെ പരിശോധനയിൽ ലെഡിന്റെ അളവ് (0.19mg/L) മലിനീകരണ നിയന്ത്രണ ബോർഡിൻറെ പരിശോധനയിൽ കണ്ടെത്തിയതിനെക്കാൾ കൂടുതൽ ആയിരുന്നു (0.1mg/L).

**കമ്പനിയിൽ നിന്നും അന്തിമമായി പുറംതള്ളുന്ന ജലം**

1. എല്ലാ ഘടകങ്ങളും അനുവദനീയമായ അളവിൽ കുറവായി കണ്ടെത്തുകയുണ്ടായി. CWRDM ന്റെ പരിശോധനയിൽ ലെഡിന്റെ അളവ് (0.18mg/L) മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയിൽ കണ്ടെത്തിയതിനെക്കാൾ കൂടുതലാണ് (0.1mg/L).

**ഉണങ്ങിയ ഖരമാലിന്യങ്ങൾ**

പരിശോധനയിൽ കണ്ടെത്തിയ ഘനലോഹങ്ങളുടെ (heavy metals) അളവ് അനുവദനീയമായ പരിധിക്ക് അകത്ത് മാത്രമായിരുന്നു. എന്നാൽ ക്രോമിയത്തിന്റെയും (70 to 76 mg/kg) ലെഡിന്റെയും (58 to 125 mg/kg) അളവുകൾ താരതമ്യേന കൂടുതൽ കണ്ടെത്തപ്പെട്ടിട്ടുണ്ട്. ഈ ഉയർന്ന അളവ് ഈ മാലിന്യങ്ങളുടെ സംസ്കരണവും വളങ്ങളുടെ നിർമ്മാണവും കണക്കിൽ എടുക്കുമ്പോൾ പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നുണ്ട്. ലെഡിന്റെയും (100 mg/kg) ക്രോമിയത്തിന്റെയും (50mg/kg) അളവ് ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ പ്രകാരം വളം ഉണ്ടാക്കുന്നതിനായി അനുവദിക്കപ്പെട്ടിട്ടുള്ള പരിധിയേക്കാൾ കൂടുതലായതിനാൽ ഈ ഖരമാലിന്യം നേരിട്ട് വളമായി ഉപയോഗിക്കാൻ കഴിയില്ല.

**കമ്പനിക്കുള്ളിലെ കിണർ ജലം**

1. എല്ലാ ഘടകങ്ങളും അനുവദനീയമായ അളവിൽ കുറവായി കണ്ടെത്തുകയുണ്ടായി. ലെഡിന്റെ അളവ് CWRDM ൻറെ പരിശോധനയിലും (0.17mg/L) കാർഷിക സർവ്വകലാശാലയുടെ പരിശോധനയിലും (0.25mg/L) അനുവദനീയമായ അളവിൽ (0.01mg/L) കൂടുതൽ കണ്ടെത്തുകയുണ്ടായി. കുടിവെള്ളത്തിൽ ഉണ്ടാകാൻ പാടില്ലാത്ത കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കിണർ വെള്ളത്തിൽ കണ്ടെത്തിയിട്ടുണ്ട്.

**ഓടവഴി ഒഴുകുന്ന മലിനജലം**

1. എല്ലാ ഘടകങ്ങളും സുരക്ഷിതമായ അളവിൽ കുറവായി കണ്ടെത്തുകയുണ്ടായി.

2. ഘനലോഹങ്ങൾ ഈ ജലത്തിൽ കണ്ടെത്തിയിട്ടുണ്ടെങ്കിലും അവ അനുവദനീയമായ പരിധിയിലായിരുന്നു.

**മണ്ണ് പരിശോധനാ ഫലങ്ങൾ**

1. മണ്ണിന്റെ ഫലപുഷ്ടി പരിശോധിച്ചതിൽ നിന്നും അപകടകരമായ മാലിന്യങ്ങൾ അടങ്ങിയതിന്റെ സൂചനകൾ ഒന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ക്രോമിയത്തിന്റെ അളവ് (8 mg/kg) കൂടുതൽ ആയിരുന്നു എങ്കിലും അത് അനുവദനീയമായ പരിധിക്ക് അകത്ത് തന്നെയാണ് കണ്ടെത്തിയത്.

2. ക്രോമിയം ഒഴിച്ചുള്ള (45.77mg/kg) ഖനലോഹങ്ങളുടെ സാന്നിദ്ധ്യം വളരെ നേരിയ അളവിൽ മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ.

3. മൊത്തം കാഡ്മിയത്തിന്റെ അളവ് 1.7mg/kg രേഖപ്പെടുത്തി.

**സമിതിയുടെ നിർദ്ദേശങ്ങൾ**

1. പരിശോധനാ ദിവസം സ്ഥലത്ത് ഉണ്ടായിരുന്ന കനത്ത മഴ പരിശോധനാ ഫലങ്ങളിൽ സ്വാധീനം ചെലുത്താനുള്ള സാധ്യത നില

**റിപ്പോർട്ട് തള്ളിക്കളഞ്ഞു**

സമരം ചെയ്യുന്ന കാതിക്കുടത്തെ ജനങ്ങൾ മുന്നോട്ട് വച്ച ആവശ്യങ്ങൾ പരിഗണിക്കാത്തതിനാൽ കളക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് എൻ.ജി.ഐ.എൽ ആക്ഷൻ കൗൺസിൽ തള്ളിക്കളഞ്ഞതായി മുഖ്യമന്ത്രിയെ കത്തിലൂടെ അറിച്ചു. കമ്പനിയെ ന്യായീകരിക്കാനാണ് റിപ്പോർട്ട് ശ്രമിക്കുന്നതെന്നും കമ്പനിയുടെ നിയമലംഘനങ്ങൾക്കെതിരെയുള്ള നടപടിയാണ് വേണ്ടതെന്നും ആക്ഷൻ കൗൺസിൽ പറഞ്ഞു.

⇨ പുറം തള്ളുന്ന ജലത്തിന്റെ അളവുകൾ കണക്കാക്കാനുള്ള സൗകര്യങ്ങളും സ്ഥാപിക്കേണ്ടതാണ് ⇨



പുഴയിലേക്ക് പോകുന്ന പൈപ്പ്

നിൽക്കുന്നുണ്ട്. മഴക്കാലത്തിനു ശേഷം വിശദമായ പരിശോധനകൾ വീണ്ടും നടത്തേണ്ടതാണ്.

2. കമ്പനിയുടെ സാധാരണ പ്രവർത്തനത്തിന് ആവശ്യമായ ഊർജ്ജദ്രവ്യങ്ങളുടെ ആയവ്യയകണക്കുകൾ ലഭ്യമാക്കേണ്ടതുണ്ട്. കമ്പനി പ്രവർത്തിക്കുന്ന ആവശ്യത്തിലേക്ക് ചാലക്കുടി പുഴയിൽ നിന്നും മറ്റു സ്രോതസ്സുകളിൽ നിന്നും എടുക്കുന്ന ജലത്തിന്റെ അളവും പുഴയിലേക്ക് തിരിച്ച് ഒഴുക്കുന്ന ജലത്തിന്റെ അളവും ലഭ്യമാക്കണം. അതുപോലെ തന്നെ മറ്റു മൂലകങ്ങളുടെ കാര്യത്തിലും കമ്പനി പ്രവർത്തിക്കുമ്പോൾ ഉപയോഗിക്കുകയും പുറം തള്ളുകയും ചെയ്യുന്ന അളവുകൾ ലഭ്യമാക്കേണ്ടതുണ്ട്. ഈ രണ്ടു കണക്കുകളും ഊർജ്ജ ഉപഭോഗകണക്കുകളും വെവ്വേറെ തയ്യാറാക്കേണ്ടതാണ്.

3. ഇപ്പോൾ കമ്പനി ഉപയോഗിക്കാനായി ശേഖരിക്കുന്ന ജലത്തിന്റെ അളവുകൾ കണക്കാക്കുന്നത് പോലെ തന്നെ പുറം തള്ളുന്ന ജലത്തിന്റെ അളവുകൾ കണക്കാക്കാനുള്ള സൗകര്യങ്ങളും സ്ഥാപികേണ്ടതാണ്.

4. കമ്പനിയുടെ യഥാർത്ഥ ജല ഉപഭോഗം കണക്കാക്കാനും ജല സംഭരണത്തിന് കമ്പനി എടുക്കുന്ന മാർഗ്ഗങ്ങൾ പരിശോധിക്കാനും ഒരു സർക്കാർ അംഗീകൃത ഏജൻസിയെ ചുമതലപ്പെടുത്തേണ്ടതാണ്.

5. കമ്പനിയിൽ നിന്നും മാലിന്യങ്ങൾ ഒന്നും തന്നെ പുറം തള്ളാതിരിക്കാനുള്ള (സീറോ ഡിസ്ചാർജ്) പദ്ധതികൾ കമ്പനി ആവിഷ്ക്കരിക്കേണ്ടതാണ്.

6. വായുമലിനീകരണം നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങളും, കമ്പനിയിൽ നിന്നുണ്ടാവുന്ന ദുർഗ്ഗന്ധം നിയന്ത്രിക്കാനുള്ള സംവിധാനങ്ങളും കമ്പനി ഒരുക്കേണ്ടതുണ്ട്. കൊച്ചിൻ സർവ്വകലാശാല, മഹാത്മഗാന്ധി സർവ്വകലാശാല, NATPAK തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായം ഇതിനായി സ്വീകരിക്കാവുന്നതാണ്.

7. ജില്ലാ മെഡിക്കൽ ഒഫീസറുമായും മെഡിക്കൽ സർവ്വകലാശാലയുമായും ചേർന്ന് സാംക്രമിക രോഗങ്ങളുടെയും പൊതു ആരോഗ്യ നിലയുടെയും കണക്കെടുപ്പ് കമ്പനി നടത്തണം.

8. മുൻകൂട്ടി അറിയിക്കാതെയുള്ള പരിശോധനകൾ നടത്താൻ വിദഗ്ദ്ധസമിതിയെ ചുമതലപ്പെടുത്തേണ്ടതാണ്. ഇത്തരം പരിശോധനയിൽ കുഴപ്പങ്ങൾ കണ്ടെത്തുകയാണെങ്കിൽ കമ്പനിയുടെ പ്രവർത്തനങ്ങൾ ഉടനടി നിർത്തിവെക്കാൻ ഉത്തരവിടണം.

9. അടുത്ത ഒരു വർഷത്തേക്ക് കമ്പനിയുടെ പ്രവർത്തനങ്ങൾക്ക് വിദഗ്ദ്ധ സമിതിയുടെ പ്രതിമാസ നിരീക്ഷണം സാധ്യമാക്കാനും അതിന്റെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താനുമുള്ള സംവിധാനങ്ങൾ ഒരുക്കണം.

10. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് കമ്പനിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം.

**വിദഗ്ധ സമിതി അംഗങ്ങൾ**

1. ഡോ. പി. സുരേഷ്കുമാർ (പ്രൊഫസർ, കേരള കാർഷിക സർവ്വകലാശാല)
2. ഡോ. സാമുവേൽ മാത്യു (പ്രൊഫസർ, കേരള കാർഷിക സർവ്വകലാശാല)
3. അനിത. പി.കെ (പ്രിൻസിപ്പൾ അഗ്രികൾച്ചറൽ ഓഫീസർ, തൃശൂർ)
4. മണിലാൽ.എ.എം (പ്രൊഫസർ, ഗവ. എഞ്ചിനീയറിംഗ് കോളേജ്)
5. ഡോ. എൻ.ജി.കെ. പിള്ള (കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ്)
6. ഡോ. മഹാദേവൻ (സൂപ്രണ്ട്, മെഡിക്കൽ കോളേജ് ചെസ്റ്റ് ഹോസ്പിറ്റൽ, തൃശൂർ)
7. ഡോ. ഹരികുമാർ (ശാസ്ത്രജ്ഞൻ, സി.ഡബ്യു.ആർ.ഡി.എം)
8. പൗലോസ് ഈപ്പൻ (എൻവിയോൺമെന്റൽ എഞ്ചിനീയർ, പി.സി.ബി)
9. വി.കെ. രാജീവൻ (പരിസ്ഥിതി ശാസ്ത്രജ്ഞൻ, പി.സി.ബി)
10. ഡോ. എ.ലത (ഡയറക്ടർ, റിവർ റിസർച്ച് സെന്റർ, തൃശൂർ) ■